**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 119 — 13.6.2013 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണത്തിലെ പാളിച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ. ജി.സുധാകരൻ :<br>ശ്രീ. കെ.വി. വിജയദാസ് :<br>ശ്രീ. വി.ചെന്താമരാക്ഷൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ കഴിഞ്ഞ രണ്ടു വർഷമായി മുൻവർഷങ്ങളെ അപേക്ഷിച്ച് ഉണ്ടായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ആധാരമായ കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | എ) ഈ വർഷം നെല്ല് സംഭരണത്തിൽ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവുമധികം നെല്ലുൽപ്പാദിപ്പിക്കപ്പെടുന്നത് പാലക്കാട് ജില്ലയിലും ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടും ആണ്. പാലക്കാടുണ്ടായ കൊടിയ വരൾച്ചയിലും, കുട്ടനാട്ടിലും, കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലകൾ ഉൾപ്പെട്ട അയ്മനം. ആർപ്പൂക്കര, തിരുവാർപ്പ്, കുമരകം പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ഓരുവെള്ളം കയറിയും ധാരാളം നെൽകൃഷി നശിച്ചിട്ടുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാലാണ് 2012-2013 രണ്ടാം സീസണിൽ നെല്ലു സംഭരണത്തിൽ കുറവുണ്ടായിട്ടുള്ളത്. സപ്ലൈകോ നെല്ല് സംഭരണം ആരംഭിച്ചതിനുശേഷം ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ചത് 2011-12 സീസണിലായിരുന്നു. |
| ബി) നെൽകർഷകർക്ക് പണം നൽകുന്നതിനുള്ള കാലതാമസവും കടുത്ത നിബന്ധനകളുമാണ് കർഷകർ സ്വകാര്യ മില്ലുകളെ ആശ്രയിക്കുന്നതിനുള്ള കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | ബി) നെൽകർഷകർക്ക് അവർ സപ്ലൈകോയെ ഏൽപ്പിക്കുന്ന നെല്ലിന്റെ വില ഉടൻ തന്നെ നൽകി വരുന്നുണ്ട്. കൂടാതെ കർഷകരെ സഹായിക്കുവാനായി കഴിഞ്ഞ സീസൺ മുതൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ശാഖകളിൽ സപ്ലൈകോ നൽകുന്ന PRS (നെല്ല് കൈപ്പറ്റു രസീത്) ഹാജരാക്കുന്ന കർഷകർക്ക് ഉടൻതന്നെ അവരുടെ അക്കൗണ്ടുകളിലേക്ക് നെല്ലിന്റെ വില അയയ്ക്കുകയും ചെയ്തു വരുന്നുണ്ട്. കൃത്യമായ രേഖകളുടെ അഭാവത്താലും തെറ്റായ അക്കൗണ്ടു നമ്പർ കാരണവും ചിലയിടങ്ങളിൽ ചില കർഷകർക്ക് നെല്ലിന്റെ വില നൽകുവാൻ കാലതാമസം നേരിട്ടിട്ടുണ്ട്. ഫലപ്രദമായി ഇടപെട്ട് ഈ ന്യൂനതയും പരിഹരിച്ചു വരുന്നു. |

സി) ഇത് സ്വകാര്യ മില്ലുടമകൾക്ക് വൻ തോതിൽ നെല്ല് സംഭരിക്കുന്നതിന് സഹായകരമായിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

സി) സംസ്ഥാനത്ത് ഒരു കിലോ നെല്ലിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില 17 രൂപയാണ്. സ്വകാര്യ മില്ലുകൾ സംഭരിക്കുന്ന നെല്ലിന്റെ അളവിൽ വന്ന കുറവും മില്ലുകാർ തമ്മിലുള്ള കിടമത്സരവും കാരണം ചില സ്ഥലങ്ങളിൽ സ്വകാര്യ മില്ലുകാർ കർഷകരിൽ നിന്നും 17 രൂപയിൽ കൂടിയ വില നൽകി നെല്ലു സംഭരിച്ചതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് അവരുടെ നെല്ലിന് ഏറ്റവും മികച്ച വില ഉറപ്പാക്കുക എന്നുള്ളതാണ് സപ്ലൈകോയുടെ ദൗത്യം. ഇക്കാരണത്താൽ കർഷകർക്ക് കൂടിയ വില ലഭിച്ചിട്ടുണ്ടെങ്കിൽ സപ്ലൈകോയുടെ നെല്ലു സംഭരണം കൂടുതൽ ഫലപ്രദമായെന്നു വേണം വിലയിരുത്തുവാൻ.

ഡി) സപ്ലൈകോയുടെ നെല്ല് സംഭരണത്തിലെ പാളിച്ച പൊതുമാർക്കറ്റിലെ വില വർദ്ധനവിന് ആക്കം കൂട്ടുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഡി) സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ പാളിച്ചകൾ ഒന്നും ഉണ്ടായിട്ടില്ല. ഈ വർഷം സംസ്ഥാനത്ത് അനുഭവപ്പെട്ട രൂക്ഷമായ വരൾച്ചയുടെ ഫലമായി നെല്ലുല്പാദന ജില്ലയായ പാലക്കാട്ടേയും, ഓരുവെള്ളം കയറി കുട്ടനാട്ടിലേയും കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലേയും കൃഷി ഗണ്യമായി നശിച്ചിട്ടുള്ളതിനാലാണ് സപ്ലൈകോയുടെ നെല്ലു സംഭരണത്തിൽ കുറവുണ്ടായിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ നിമിത്തം സംസ്ഥാനത്ത് അരിക്ഷാമം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല വില വർദ്ധന പിടിച്ചു നിർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ